സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 134 2024 സെപ്തംബർ 06 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ബംഗ്ളാദേശ് അഫ്ഗാനിസ്ഥാൻ ആവില്ല: മുഹമ്മദ് യൂനുസ്

ധാക്ക: ബംഗ്ളാദേശിൽ ഷെയ്ഖ് ഹസീന സർക്കാരിനെ പുറത്താക്കി നൊബേൽ സമ്മാന ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നത് ദിവസങ്ങൾക്ക് മുൻപാണ്. ബംഗ്ലാദേശിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ കടുത്ത ആക്രമണമാണ് ദിവസങ്ങളായി ഉണ്ടാകുന്നത്. ഇക്കാര്യത്തിൽ ഇന്ത്യയടക്കം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. ഇതിനിടെ ഇന്ത്യയ്ക്ക് മുന്നറിയിപ്പുമായെത്തിയിരിക്കുകയാണ് രാജ്യത്തിന്റെ ബംഗ്ളാദേശിലെ ഹിന്ദുക്കൾക്കെതിരായ ആക്രമണം വർഗീയതയെക്കാൾ രാഷ്ട്രീയ കാരണത്താലാണ് എന്ന് യൂനുസ് അഭിപ്രായപ്പെട്ടു. ബംഗ്ളാദേശ് മറ്റൊരു അഫ്ഗാനായി മാറുമെന്ന വാദം യൂനുസ് തള്ളിക്കളഞ്ഞു.

പിണറായി ഭീകരജീവി; അടിച്ച് പുറത്താക്കണം: കെ.സുധാകരൻ

തിരു: മുഖ്യമന്ത്രി പിണറായി വിജയനും ആഭ്യന്തര വകുപ്പിനുമെതിരെ രൂക്ഷ വിമർശനവുമായി കെ.പി.സി.സി. പ്രസിഡൻറ് കെ.സുധാകരൻ. ഈ നാട്ടിലെ സാധാരണക്കാരുടെ ഹൃദയതുടിപ്പ് മനസിലാക്കാൻ പോലുംകഴിയാത്ത ഒരു ഭീകര ജീവിയാണ് തന്റെ നാട്ടുകാരനായ പിണറായി വിജയൻ. ഈ മുഖ്യമന്ത്രിയെ വെച്ച് ഒരു ദിവസം പോലും മുന്നോട്ട് പോകാനാകില്ല. മാഫിയകളുടെ സംരക്ഷകനായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രി രാജിവയ്ക്കണമെന്നും സുധാകരൻ ആവശ്യപ്പെട്ടു. കെപിസിസിയുടെ സെക്രട്ടറിയേറ്റ് മാർച്ചിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഞാൻ, എന്റെ കുടുംബം, എന്റെറ സമ്പത്ത് എന്നത് മാത്രമാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ ലക്ഷ്യം.

പോലീസുകാരെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. രാജിവെച്ചില്ലെങ്കിൽ പിണറായി വിജയനെ അടിച്ചുപുറത്താക്കാൻ കേരളത്തിലെ ജനങ്ങൾ രംഗത്തുവരുമെന്നും സുധാകരൻ പറഞ്ഞു.

മുഖ്യമന്ത്രിയുടെ പേര് ഇനി പൂരം കലക്കിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. പി.ശശിയേയും എം.ആർ.അജിത്കുമാറിനേയും മാറ്റാൻ മുഖ്യമന്ത്രിക്ക് പേടിയാണ്. കേരളത്തിൽ സിപിഎമ്മിനെ കുഴിച്ചുമൂടി വാഴ വച്ചിട്ടേ പിണറായി പോകൂകയുള്ളൂവെന്നും സതീശൻ പറഞ്ഞു.

നിവിൻ ഷൂട്ടിംഗിലായിരുന്നു അതിന് തെളിവ്

കൊച്ചി: നടൻ നിവിൻ പോളിക്കെതിരെ യുവതി നൽകിയ മൊഴിയിൽ പൊരുത്തക്കേടുകൾ ഉള്ളതിനാൽ വിശദമായ അന്വേഷണത്തിനൊരുങ്ങി പൊലീസ്. 2023 നവംബർ, ഡിസംബർ മാസങ്ങളിൽ ദുബായിലെ ഹോട്ടലിൽ വച്ച് പീഡിപ്പിച്ചെന്നായിരുന്നു ആദ്യം നൽകിയ പരാതി. ഈ മാസങ്ങളിൽ യുവതി കേരളത്തിലായിരുന്നു എന്നാണ് പൊലീസിന് ഇപ്പോൾ ലഭിച്ച വിവരം. ഇതിൽ വ്യക്തത വരുത്താനായി യാത്രാരേഖകൾ പരിശോധിക്കും. ഹോട്ടൽ അധികൃതരിൽ നിന്നും വിവരം ശേഖരിക്കും.

ക്രിസ്ത്യാനോയ്ക്ക് ചരിത്ര നേട്ടം

ഫുട്ബോളിൽ 900 ഗോൾ നേടുന്ന ആദ്യതാരമായി ക്രിസ്ത്യാനോ റൊണാൾഡോ. നേഷൻസ് ലീഗിൽ ക്രൊയേഷ്യക്കെതിരായ മത്സരത്തിലാണ് നേട്ടം. മത്സരത്തിൽ പോർച്ചുഗൽ ഒന്നിനെതിരെ 2 ഗോളുകൾക്ക് ജയിച്ചു.

സുജിത് ദാസിനും പൊന്നാനി സിഐക്കുമെതിരെ ബലാത്സംഗ ആരോപണവുമായി വീട്ടമ്മ

മലപ്പുറം: മുൻ എസ്.പി. സുജിത് ദാസ്, ഡിവൈ.എസ്.പി. വി.വി. ബെന്നി, സി.ഐ. വിനോദ് എന്നിവർക്കെതിരെ ആരോപണവുമായി വീട്ടമ്മ. സുജിത് ദാസും വിനോദ് കുമാറും ബലാത്സംഗംചെയ്തുവെന്ന് വീട്ടമ്മ മാധ്യമങ്ങളോട് പറഞ്ഞു. സംഭവം പുറത്ത് പറയരുതെന്ന് സുജിത് ദാസ് ഭീഷണിപ്പെടുത്തി. മുഖ്യമന്ത്രി പിണറായി വിജയൻ തന്റെ അങ്കിളാണെന്ന് പറഞ്ഞു. പിന്നീട് വീണ്ടും പീഡിപ്പിച്ചു. അന്ന് കസ്റ്റംസ് ഉദ്യോഗസ്ഥനെന്ന് പരിചയപ്പെടുത്തിയ ഒരാൾക്ക് കൂടി കാഴ്ചവെക്കാൻ ശ്രമിച്ചുവെന്നും പരാതിക്കാരി ആരോപിച്ചു.

സ്വത്തുതർക്കവുമായി ബന്ധപ്പെട്ട് പൊന്നാനി പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ എത്തിയതായിരുന്നു ഇവർ. പരാതികേൾക്കാൻ വീട്ടിൽ വന്ന വിനോദ് വീട്ടിൽവെച്ച് പീഡിപ്പിച്ചുവെന്ന് പരാതിക്കാരി ആരോപിച്ചു. ഇതിനെതിരെ പരാതിയുമായി താനൂർ ഡിവൈ.എസ്.പി. വി.വി. ബെന്നിയെ കണ്ടു. ബെന്നി കടന്നുപിടിച്ചു. ഈ രണ്ട് സംഭവങ്ങൾക്കെതിരേയും പരാതി നൽകാൻ എസ്.പിയായിരുന്ന സുജിത് ദാസിനെ ബന്ധപ്പെട്ടു. സുജിത് ദാസ് ആഡംബരകാറിലെത്തി ചങ്കുവെട്ടിയിലെ ഒരുവീട്ടിലേക്ക് കൊണ്ടുപോയി അവിടെവെച്ച് പീഡിപ്പിച്ചുവെന്നും പരാതിക്കാരി ആരോപിക്കുന്നു.

സുജിത് ദാസിനെതിരെ പി.വി. അൻവർ രംഗത്തെത്തിയതോടെയാണ് ഇക്കാര്യങ്ങൾ പുറത്തുപറയാൻ ധൈര്യം ലഭിച്ചത്. പി.വി. അൻവറിനോട് കാര്യങ്ങൾ പറഞ്ഞു. മുഖ്യമന്ത്രിക്ക് അടക്കം പരാതി നൽകുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്നും പരാതിക്കാരി പറഞ്ഞു.

ആരോപണം അടിസ്ഥാനരഹിതമാണെന്ന് ഡിവൈ.എസ്.പി. വി.വി. ബെന്നിയും സസ്പെൻഷനിലുള്ള എസ്.പി. സുജിത് ദാസും പ്രതികരിച്ചു. യാതൊരു അടിസ്ഥാനവുമില്ലാത്ത പരാതിയാണിതെന്ന് ബെന്നി പ്രതികരിച്ചു. പരാതിക്കാരി പൊന്നാനി സി.ഐക്കെതിരെ പരാതി നൽകിയിരുന്നു. താൻ അന്വേഷിച്ച പരാതിയിൽ അവർ ഉദ്ദേശിച്ച നടപടി ഉണ്ടാവാത്തതിനാലാണ് തനിക്കെതിരെ തിരിഞ്ഞിരിക്കുന്നതെന്ന് ബെന്നി പറഞ്ഞു. ആരോപണത്തിൽ ക്രിമിനൽ ഗൂഢാലോചനയുണ്ടെന്നും സി.ബി.ഐ. അന്വേഷണം വേണമെന്നും എസ്. സുജിത് ദാസും പ്രതികരിച്ചു.

അതിനിടെ വി.വി. ബെന്നിക്കെതിരെ സി.പി.എം. നേതാവ് പി. ജയരാജന്റെ മകൻ ജയിൻ രാജ് രംഗത്തെത്തി. നിരപരാധികളായ സി.പി.എം. പ്രവർത്തകരെ ഒരു ബന്ധവുമില്ലാത്ത കേസുകളിൽ കുടുക്കുന്നതിൽ വിദഗ്ധനാണ് ബെന്നിയെന്ന് ജയിൻ രാജ് ഫെയ്സ് ബുക്കിൽ കുറിച്ചു.

'അബദ്ധമായിപ്പോയി, വികാരത്തള്ളിച്ചയിൽ സംഭവിച്ച ഒരു കൈപ്പിഴ'; നിയമസഭാ കേസിൽ ജലീലിന്റെ കുറ്റസമ്മതം

തിരു : 2015ൽ നിയമസഭ തല്ലിപ്പൊളിച്ച സംഭവത്തിൽ വർഷങ്ങൾക്ക് ശേഷം കുറ്റസമ്മതം നടത്തി കെ.ടി ജലീൽ എംഎൽഎ. അന്ന് സ്പീക്കറുടെ കസേരയിൽ തൊടാൻ പാടില്ലായിരുന്നെന്നും അദ്ദേഹം ഫേസ്ബുക്ക് പോസ്റ്റിന് താഴെ വന്ന കമന്റിന് മറുപടിയായിക്കുറിച്ചു. അദ്ധ്യാപക ദിനവുമായി ബന്ധപ്പെട്ട് കെടി ജലീൽ പങ്കുവച്ച പോസ്റ്റിന് താഴെയാണ് അസംബ്ലിയിൽ ഇ.പി ജയരാജന്റെ കൂടെ നിന്ന് സ്പീക്കറുടെ കസേര വലിച്ചിട്ടത് ശരിയായില്ലെന്ന കമന്റ് വന്നത്. ഇതിന് അദ്ദേഹം മറുപടി നൽകുകയായിരുന്നു.

'അസംബ്ലിയിൽ ഇ.പി ജയരാജന്റെ കൂടെ നിന്ന് സ്പീക്കറുടെ കസേര വലിച്ചിട്ടത് ശരിയായില്ല. താങ്കൾ അസംബ്ലിയിൽ പോയിരുന്നില്ലെങ്കിൽ പിഎസ്എംഒ കോളേജിൽ പ്രിൻസിപ്പൽ ആകേണ്ട ആളായിരുന്നു. കോളേജിൽ എന്തെങ്കിലും ഇഷ്യൂസ് ഉണ്ടായാൽ താങ്കൾ വരുമ്പോൾ വിദ്യാത്ഥികൾ താങ്കളുടെ കസേര വലിച്ചെറിഞ്ഞാൽ എന്തായിരിക്കും താങ്കളുടെ നിലപാട്?', ഇങ്ങനെയായിരുന്നു കമന്റ്.

'ഞാൻ ആ കസേരയിൽ തൊടാൻ പാടില്ലായിരുന്നു. അതൊരു അബദ്ധമായിപ്പോയി. മനുഷ്യനല്ലെ. വികാരത്തള്ളിച്ചയിൽ സംഭവിച്ച ഒരു കൈപ്പിഴ'– ഇങ്ങനെയാണ് കെടി ജലീൽ കമന്റിന് മറുപടി നൽകിയത്. 2015ൽ ബാർ കോഴക്കേസിൽ ആരോപണവിധേയനായ അന്നത്തെ ധനമന്ത്രി മന്ത്രി കെ.എം മാണിയുടെ പേരിൽ ഇടതു എംഎൽഎമാർ വൻ പ്രതിഷേധമാണ് സംഘടിപ്പിച്ചത്.

അന്ന് മാണിയുടെ ബജറ്റ് അവതരണം തടസപ്പെടുത്തുന്നതിനിടെ ഇടത് എംഎൽഎമാർ സഭയിൽ നടത്തിയ പ്രതിഷേധം കയ്യാങ്കളിയിലേക്ക് വരെ കടക്കുകയായിരുന്നു. പൂട്ടിക്കിടന്ന ബാറുകൾ തുറക്കാൻ മുൻ ധനമന്ത്രി ഒരുകോടി രൂപ കൈക്കൂലി വാങ്ങിയെന്നാരോപിച്ചാണ്, ബജറ്റ് അവതരണത്തിനു ശ്രമിച്ച മാണിയെ തടയാൻ ഇടതുപക്ഷം സഭയ്ക്ക് അകത്തും പുറത്തും പ്രതിഷേധം സംഘടിപ്പിച്ചത്. ഇതിനിടയിലാണ് പ്രതിപക്ഷ എംഎൽഎമാർ സ്പീക്കറുടെ ഡയസിൽ അതിക്രമിച്ചു കടന്ന് കമ്പ്യൂട്ടറുകളും കസേരകളും തല്ലിത്തകർത്തത്.

അതേസമയം, ഇനി തെരഞ്ഞെടുപ്പിൽ മൽസരിക്കില്ലെന്ന് അറിയിച്ച് കെടി ജലീൽ നേരത്തെ രംഗത്തെത്തിയിരുന്നു. ഒരധികാരപദവിയും വേണ്ട. അവസാന ശ്വാസം വരെ സിപിഎം സഹയാത്രികനായി തുടരും. സിപിഎം നൽകിയ പിന്തുണയും അംഗീകാരവും മരിച്ചാലും മറക്കില്ല. ഉദ്യോഗസ്ഥരിലെ കള്ളനാണയങ്ങളെ തുറന്നുകാട്ടും. അതിനായി ഒരു പോർട്ടൽ തുടങ്ങും. വിശദവിവരങ്ങൾ ഒക്ടോബർ രണ്ടിന് പുറത്തിറങ്ങുന്ന ' സ്വർഗസ്ഥനായ ഗാന്ധിജി'യുടെ അവസാന അദ്ധ്യായത്തിലുണ്ടാകുമെന്നും അദ്ദേഹം അറിയിച്ചിരുന്നു.

സുഹൃത്തിനെ കാണാൻ ആശുപത്രിയിലെത്തിയ യുവാവ് കാന്റീനിനടുത്ത് ഷോക്കേറ്റ് മരിച്ചു

കോഴിക്കോട്: സുഹൃത്തിനെ കാണാൻ ആശുപത്രിയിലെത്തിയ യുവാവ് ഷോക്കേറ്റ് മരിച്ചു. കോഴിക്കോട് തിരുവമ്പാടി കരിങ്കുറ്റിയിലെ സ്വകാര്യ ആശുപത്രിയിലാണ് സംഭവം. പുതിയകുന്നേൽ അബിൻ ബിനു(26) ആണ് മരിച്ചത്.

കഴിഞ്ഞ ദിവസം രാത്രിയിൽ രോഗിയായ സുഹൃത്തിനെ കാണാൻ അബിൻ ആശുപത്രിയിലെത്തി. ഒരു മണിക്കൂറോളം സുഹൃത്ത് ശരത്തുമായി അബിൻ സംസാരിച്ച് നിൽക്കുകയായിരുന്നു. ഇതിനിടെ രാത്രി 10.30ഓടെ ആശുപത്രിയിലെ കാന്റീനിന് സമീപത്തെ ചെടിയിൽ കെട്ടിയിരുന്ന വയറിൽ നിന്നാണ് അബിന് ഷോക്കേറ്റത്.

താഴെ വീണുകിടന്ന വയറിൽ അബിൻ ചവിട്ടിയപ്പോൾ ഷോക്കേൽക്കുകയായിരുന്നു എന്നാണ് സുഹൃത്ത് അറിയിച്ചത്. അബിനെ പിടിച്ചുമാറ്റാൻ ശ്രമിക്കവെ സുഹൃത്തിനും ഷോക്കേറ്റു. തുടർന്ന് മറ്റൊരാളോടൊപ്പം അബിനെ പിടിച്ചുമാറ്റിയ ശേഷം ആശുപത്രി അധികൃതരോട് വിവരം അറിയിച്ചപ്പോൾ കറന്റ് പ്രശ്നങ്ങളില്ലെന്നാണ് അവർ പ്രതികരിച്ചത്. അബിനെ കിടത്താൻ ഒരു സ്ട്രെച്ചർ പോലും ആശുപത്രി അധികൃതർ നൽകിയില്ലെന്ന് സുഹൃത്ത് പറഞ്ഞു. ശേഷം ആംബുലൻസിൽ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും അതിന് മുൻപുതന്നെ അബിൻ മരിച്ചതായി ഡോക്ടർമാർ അറിയിക്കുകയായിരുന്നു.

ക്ഷേത്രത്തിൽ മോഷണം

വടക്കാഞ്ചേരി: ഉത്രാളിക്കാവ് ക്ഷേത്രത്തിൽ ഭണ്ഡാരം തകർത്ത് പണം കവർന്നു. ഗുരുതിത്തറക്ക് സമീപമുള്ള ഭണ്ഡാരം തകർത്താണ് മോഷ്ടാക്കൾ പണം കവർന്നത്. നാഗത്തറയിലെയും ആൽത്തറയിലെയും ഭണ്ഡാരങ്ങളുടെ പൂട്ടുകൾ തകർത്ത നിലയിൽ കണ്ടെത്തി

പാലത്തിലൂടെ നടക്കുന്നതിനിടെ ട്രെയിൻ പാഞ്ഞെത്തി; ആന്ധ്രാ മുഖ്യമന്ത്രി രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

വിജയവാഡ: ട്രെയിനപകടത്തിൽ നിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ട് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു. പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നതിന്റെ ഭാഗമായി മധുര നഗർ റെയിൽവേ പാലത്തിലൂടെ സഞ്ചരിക്കവെയായിരുന്നു സംഭവം. മുഖ്യമന്ത്രിയുടെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും തൊട്ടരികിലൂടെയായിരുന്നു ട്രെയിൻ കടന്നുപോയത്. സംഭവത്തിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

പ്രളയക്കെടുതി അവലോകനം ചെയ്യുന്നതിനായി ചന്ദ്രബാബു നായിഡു പാളത്തിലൂടെ നടക്കുമ്പോൾ പെട്ടെന്ന് അതേ ട്രാക്കിലൂടെ ഒരു ട്രെയിൻ വരികയായിരുന്നു. റെയിൽ ഗതാഗതത്തിന് മാത്രമായി രൂപകൽപ്പന ചെയ്തിരിക്കുന്ന പാലത്തിൽ കാൽനടയാത്രയ്ക്ക് സ്ഥലമില്ല. ട്രെയിൻ കണ്ടയുടനെ സുരക്ഷാ ഉദ്യോഗസ്ഥർ അദ്ദേഹത്തെ ഒരു വശത്തേക്ക് മാറ്റി സുരക്ഷ ഉറപ്പാക്കി. വൻ അപകടമാണ് തലനാരിഴയ്ക്ക് ഒഴിവായത്.

ശക്തമായ മഴയിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ വെള്ളം കയറുകയും ജനജീവിതം ദുസ്സഹമാകുകയും ചെയ്തു. കഴിഞ്ഞ അഞ്ച് ദിവസമായി ദുരന്തഭൂമിയിൽ ചന്ദ്രബാബു നായിഡുവും സന്ദർശനം നടത്തുന്നുണ്ട്. സുരക്ഷാ പ്രോട്ടോക്കോൾ ഉൾപ്പെടെ അവഗണിച്ച് വെള്ളക്കെട്ടിലൂടെ സഞ്ചരിച്ചും എൻഡിആർഎഫ് ബോട്ടുകളിൽ രക്ഷാപ്രവർത്തകർക്കൊപ്പവും അദ്ദേഹം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. അതിനിടെയാണ് ഈ സംഭവമുണ്ടായത്.

തോർത്തുകൊണ്ട് കഴുത്തു മുറുക്കി; യാത്രയ്ക്കിടെ ഡ്രൈവറെ തള്ളിയിട്ട് ഓട്ടോറിക്ഷ കടത്തി

കൊല്ലം: ആയൂരിൽ യാത്രയ്ക്കിടെ ഡ്രൈവറെ തള്ളിയിട്ട ശേഷം ഓട്ടോറിക്ഷ കടത്തിക്കൊണ്ടുപോയവർക്കായി അന്വേഷണം ശക്തമാക്കി. തിരുവനന്തപുരം മാറനല്ലൂർ ഭാഗത്തേക്ക് ഓട്ടോറിക്ഷ എത്തിയെന്ന് പോലീസ് സ്ഥിരീകരിച്ചു. തേവന്നൂർ സ്വദേശി സുബ്രഹ്മണ്യൻ പോറ്റിയുടെ ഓട്ടോറിക്ഷ ഇന്നലെ രാത്രിയാണ് തട്ടികൊണ്ടുപോയത്.

തേവന്നൂർ നീലിമനയിൽ സുബ്രഹ്മണ്യൻപോറ്റിയുടെ കെഎൽ 25 എഫ് 6992 എന്ന ഓട്ടോറിക്ഷയാണ് രണ്ടംഗ സംഘം തട്ടിയെടുത്തത്. ആയൂരിലെ ഓട്ടോറിക്ഷ ഡ്രൈവറായ സുബ്രഹ്മണ്യൻ പോറ്റി കഴിഞ്ഞ രാത്രിയിൽ സ്റ്റാൻഡിൽ കിടക്കുന്ന സമയത്ത് അപരിചിതരായ 2പേർ ഓട്ടം വിളിച്ചു. തുടർന്ന് ആയൂരിലുള്ള ബാറിൽ എത്തി മദ്യപിക്കുകയും പിന്നീട് ചടയമംഗലം ഭാഗത്തേക്ക് പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ചടയമംഗലത്ത് എത്തിയപ്പോൾ ചുണ്ട ഭാഗത്തേക്ക് പോകണമെന്നും അവിടെ ഒരു കരാറുകാരനെ കാണാനുണ്ടെന്നും പറഞ്ഞു. വയ്യാനം ഇരപ്പിൽ ഭാഗത്ത് ഓട്ടോറിക്ഷ എത്തിയപ്പോൾ സുബ്രഹ്മണ്യൻ പോറ്റിയെ ചുവന്ന തോർത്തുകൊണ്ട് കഴുത്തു മുറുക്കി പുറത്തേക്ക് തള്ളിയിട്ട് ഓട്ടോറിക്ഷ ഓടിച്ചു പോയി. ബഹളം വെച്ചതിനെ തുടർന്ന് അതുവഴി വന്ന മറ്റൊരു ഓട്ടോറിക്ഷ ഡ്രൈവർ മുഖേനെ ചടയമംഗലം പൊലീസിൽ അറിയിക്കുകയായിരുന്നു.

'കടുവ ഒരു പൂച്ചയാണ്'; മൃഗശാലയിൽ കുട്ടിയുമായി കടുവയുടെ കുട്ടിക്കളി

മൃഗശാലകൾ കുട്ടികൾക്ക് ഹരമാണ്. കുരങ്ങിനേയും കരടിയേയും പുലിയെയും സിംഹത്തെയും നേരിട്ട് കണ്ടതിന്റെ ആവേശം പറഞ്ഞു നടക്കാത്ത കുട്ടികൾ വിരളമായിരിക്കും. എന്നാൽ എത്ര പേർ കടുവയുമായി നിന്ന് കളിച്ചിട്ടുണ്ടാകും. ഗ്ലാസ്സ് കൂടിന്റെ പുറത്ത് നിന്ന് കടുവയുമായി കളിക്കുന്ന കുട്ടിയുടെ വീഡിയോ എക്സിൽ വൈറലാകുകയാണ്.

ചൈനയിലെ ഒരു മൃഗശാലയിൽ നിന്നുള്ള കാഴ്ചയാണ് ഒരു യുവതി പങ്കുവെച്ച എക്സ് പോസ്റ്റിൽ ഉള്ളത്. ജെജാങ് പ്രവിശ്യയിലെ ഹങ്ങ്സു എന്ന നഗരത്തിലാണ് സംഭവം.വളർത്തു മൃഗങ്ങളോടൊപ്പം കളിക്കുന്ന ലാഘവത്തോടെ കുട്ടി ഗ്ലാസ് പാളിയിൽ കൈകൾകൊണ്ട് തട്ടുന്നതും കടുവ തിരിച്ച് പ്രതികരിക്കുന്നതും വീഡിയോയിൽ കാണാം. കൈകൾക്കൊണ്ടുള്ള പോരാട്ടം എന്ന അടിക്കുറിപ്പോടെയാണ് വീഡിയോ പങ്കുവെച്ചിരിക്കുന്നത്.

അടുത്തിടെ പങ്കുവെച്ച വീഡിയോ ഇതിനോടകം 25 ലക്ഷം പേർ കണ്ടു കഴിഞ്ഞു. എക്കോ വൈബ്സ് എന്ന എക്സ് അക്കൗണ്ടിലെ പോസ്റ്റാണ് യുവതി റീപോസ്റ്റ് ചെയ്തിരിക്കുന്നത്. കടുവ ഇന്നും പൂച്ചയാണെന്നും അങ്ങനെ പുതിയ സൗഹൃദമുണ്ടായിരിക്കുന്നുവെന്നും രസകരമായ പ്രതികരണങ്ങൾ കമന്റുകളായുണ്ട്.

സ്വർണവിലയിൽ വർധനവ്

കൊച്ചി: പവന് 400 രൂപ വർധിച്ചു 53,760 രൂപയിലെത്തി.കേരളത്തിൽ സ്വർണവിലയിൽ വർധനവ്. പവന് 400 രൂപ വർധിച്ചു 53,760 രൂപയിലെത്തി. ഗ്രാമിന് 50 രൂപ വർധിച്ച 53,760 രൂപയിലെത്തി. ഗ്രാമിന് 50 രൂപ വർധിച്ച 6,720 രൂപയിലെത്തി. മാസത്തിലെ ഉയർന്ന നിലവരാമണിത്. സെപ്റ്റംബർ രണ്ട് മുതൽ മാറ്റമില്ലാതെ തുടർന്ന ശേഷമാണ് സ്വർണ വില വർധിക്കുന്നത്. ദിവസങ്ങളായി 2,500 ഡോളറിൽ താഴ്ന്ന നിലവാരത്തിൽ തുടരുന്ന രാജ്യാന്തര സ്വർണവില മുന്നേറ്റമുണ്ടാക്കിയത് ആണ് കേരളത്തിൽ പ്രതിഫലിച്ചത്. 2,518 ഡോളറിലാണ് രാജ്യാന്തര വിപണിയിലെ സ്വർണ്ണവില.

വനിതാ ഡോക്ടറുടെ കൊലപാതകം: അക്രമി ഒരാൾമാത്രം

കൊൽക്കത്ത: ആർ.ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വനിതാ ഡോക്ടർ ബലാത്സംഗത്തിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിൽ പ്രതി സഞ്ജയ് റോയിക്കെതിരെ കുറ്റപത്രം സമർപ്പിക്കാനൊരുങ്ങി സിബിഐ. കൊല്ലപ്പെട്ട ഡോക്ടറുടെ ശരീരത്തിൽ നിന്ന് ശേഖരിച്ച സാമ്പിളുകളുമായി പ്രതിയുടെ ഡിഎൻഎ പൊരുത്തപ്പെട്ട സാഹചര്യത്തിലാണ് നടപടി. അക്രമിച്ത് ഒരാൾ മാത്രമാണെന്ന് ഡിഎൻഎ പരിശോധനയിൽ വ്യക്തമായതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഡിഎൻഎ, ഫോറൻസിക് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേസിൽ മറ്റു പ്രതികളില്ലെന്ന് വ്യക്തമായതോടെ കേസിൽ നിന്ന് കൂട്ടബലാത്സംഗം ഒഴിവാക്കിയിരുന്നു. സംഭവത്തിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടതായി സൂചിപ്പിക്കുന്ന തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്ന് സിബിഐ വൃത്തങ്ങൾ വെളിപ്പെടുത്തിയതായി ന്യൂസ്18 റിപ്പോർട്ട് ചെയ്തു.

ഓഗസ്റ്റ് 23-ന് കോടതിയിൽ ഹാജരാക്കിയ പ്രതി സഞ്ജയ് റോയിയെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു. ഇന്ന് വീണ്ടും കോടതിയിൽ ഹാജരാക്കുന്ന പ്രതിയെ ജൂഡീഷ്യൽ കസ്റ്റഡിയിലേക്ക് തിരിച്ചയക്കാനാണ് സാധ്യത. അതേസമയം, പ്രതിയുടെ കസ്റ്റഡി ആവശ്യം സിബിഐ ഉന്നയിക്കില്ലെന്നാണ് വിവരം.

ഓഗസ്റ്റ് ഒമ്പതിന് പുലർച്ചെയാണ് രാജ്യത്തെ നടുക്കിയ കൊലപാതകം നടന്നത്. ആർ. ജി. കർ മെഡിക്കൽ കോളേജിലെ നെഞ്ചുരോഗ വിഭാഗത്തിൽ പി.ജി. ട്രെയിനിയായ വനിതാ ഡോക്ടറെയാണ് ബലാത്സംഗം ചെയ്ത് ക്രൂരമായി കൊലപ്പെടുത്തിയത്. കോളേജിലെ സെമിനാർ ഹാളിനുള്ളിൽ അർധനഗ്നമായ നിലയിലായിരുന്നു വനിതാ ഡോക്ടറുടെ മൃതദേഹം. ശരീരമാസകലം മുറിവേറ്റിരുന്നു.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ക്രൂരമായ ലൈംഗികപീഡനവും സ്ഥിരീകരിച്ചതോടെ സംഭവത്തിൽ വൻ പ്രതിഷേധമാണുയർന്നത്. ഇതിനുപിന്നാലെ പ്രതിയായ പോലീസിന്റെ സിവിക് വൊളണ്ടിയർ സഞ്ജയ് റോയ് പോലീസിന്റെ പിടിയിലായി. കേസ് പിന്നീട് കൊൽക്കത്ത ഹൈക്കോടതി സി.ബി.ഐക്ക് വിട്ടു.

പുലികളിക്ക് കൊടിയേറി

തൃശൂർ: നാലോണ നാളിൽ നടക്കുന്ന പുലികളിക്ക് കൊടിയേറി. നടുവിലാലിൽ നടന്ന ചടങ്ങിൽ മേയർ എം. കെ വർഗീസ് കൊടിയേറ്റം നിർവ്വഹിച്ചു.

സെൻസെക്സിൽ 900 പോയന്റ് തകർച്ച: നിക്ഷേപകർക്ക് നഷ്ടം 4.46 ലക്ഷം കോടി

മുംബൈ: പുറത്തുവരാനിരിക്കുന്ന യുഎസിലെ തൊഴിൽ ഡാറ്റയിൽ നിശ്ചലമായി നിക്ഷേപ ലോകം. സെൻസെക്സും നിഫ്റ്റിയും കനത്ത തകർച്ച നേരിട്ടു. സെൻസെക്സ് 913 പോയന്റ് താഴ്ന്ന് 81,283ലും നിഫ്റ്റി 277 പോയന്റ് നഷ്ടത്തിൽ 24,868ലുമെത്തി. ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം മൂല്യം 4.46 ലക്ഷം കോടി കുറഞ്ഞ് 461.22 ലക്ഷം കോടി രൂപയായി.

സെൻസെക്സ് ഓഹരികളിൽ റിലയൻസ് ഇൻഡസ്ട്രീസ്, എസ്ബിഐ, ഐസിഐസിഐ ബാങ്ക്, എൽ ആൻഡ് ടി, ഇൻഫോസിസ്, ഐടിസി, എച്ച്സിഎൽ ടെക്, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയാണ് പ്രധാനമായും തകർച്ച നേരിട്ടത്.

സെക്ടറൽ സൂചികകളിൽ നിഫ്റ്റി പൊതുമേഖല ബാങ്ക്, ഓയിൽ ആൻഡ് ഗ്യാസ് എന്നിവ രണ്ട് ശതമാനം ഇടിവ് നേരിട്ടു. ഓട്ടോ, ബാങ്ക്, മീഡിയ, മെറ്റൽ, കൺസ്യൂമർ ഡ്യൂറബിൾസ് എന്നിവ ഒരു ശതമാനവും നഷ്ടത്തിലായി. സ്മോൾ ക്യാപ് സൂചിക 0.9 ശതമാനവും മിഡ് ക്യാപ് 1.30 ശതമാനവും ഇടിഞ്ഞു.

യുഎസിലെ തൊഴിൽ വിപണി കൂടുതൽ ദുർബലമാകുന്നതിന്റെ സൂചനകൾ പുറത്തുവന്നതാണ് തകർച്ചയുടെ പ്രധാന കാരണം. 1.65 ലക്ഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നും തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനമായി കുറയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ നിരക്ക് കുറയ്ക്കാനുള്ള സാധ്യത

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബിനി ഹെറിറ്റേജിന്റെ ഉദ്ഘാടനം നാളെ

തൃശൂർ: തൃശൂർ കോർപ്പറേഷൻ ഗസ്റ്റ് ഹൗസായ റൗണ്ട് നോർത്തിലുള്ള ബിനി ഹെറിറ്റേജിന്റെ ഉദ്ഘാടനം നാളെ വൈകീട്ട് 6.30ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ മേയർ എം.കെ. വർഗീസ് അദ്ധ്യക്ഷത വഹിക്കും. പി. ബാലചന്ദ്രൻ എം.എൽ.എ. ഫലകം അനാച്ഛാദനം ചെയ്യും, ചീഫ് ഗസ്റ്റായി എ.സി. മൊയ്തീൻ എം.എൽ.എയും, ഗസ്റ്റ് ഓഫ് ഓണറായി ചാണ്ടി ഉമ്മൻ എം.എൽ.എയും മുഖ്യ പ്രഭാഷകനായി ടി.ജെ. സനീഷ് കുമാർ എം.എൽ.എ യും ചടങ്ങിൽ സംബന്ധിക്കും.

കല്യാൺ ജൂവലറി സി.എം.ഡി. ടി.എസ്. കല്യാണരാമൻ ഭദ്രദീപം തെളിയിക്കും. ആദ്യ വിൽപ്പന ഉദ്ഘാടനം ജോയ് ആലുക്കാസ് സി.എം.ഡി ജോയ് ആലുക്കാസും, ഫുഡ് കോർട്ട് ഉദ്ഘാടനം കല്യാൺ സിൽക്സ് എം.ഡി. ടി.എസ്. പട്ടാഭിരാമനും, ബിസിനസ് സെന്റർ ഉദ്ഘാടനം ഐ.സി.എൽ. ഫിൻകോർപ് സി.എം.ഡി. അഡ്വ. കെ.ജി. അനിൽ കുമാറും, എക്സിബിഷൻ സെന്റർ ഉദ്ഘാടനം ബെസ്റ്റ് ഗ്രൂപ്പ് എം.ഡി. പി.കെ. ജലീലും, ബാൻക്വിറ്റ് ഹാൾ ഉദ്ഘാടനം റോട്ടറി ക്ലബ്ബ് ഡിസ്ട്രിക്റ്റ് ഗവർണർ ടി.ആർ. വിജയകുമാറും, വെൽനെസ്സ് സെന്റർ ഉദ്ഘാടനം ഗോപു നന്തിലത്ത് ഗ്രൂപ്പ് എം.ഡി. ഗോപു നന്തിലത്തും, വെർചൽ ഫ്ളോർ ഉദ്ഘാടനം ODEPC ചെയർമാൻ കെ.പി. അനിൽ കുമാറും, എ.സി. റെസ്റ്റോറന്റ് ഉദ്ഘാടനം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ. റോസിയും, വെബ്സൈറ്റ് ലോഞ്ചിംഗ് കോർപ്പറേഷൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വർഗീസ് കണ്ടംകുളത്തിയും നിർവഹിക്കും.

ആധുനിക രീതിയിൽ ഫോർ സ്റ്റാർ സൗകര്യമുള്ള 26 സ്യൂട്ട് മുറികളും, വൈവിധ്യ വെജ്-നോൺവെജ് ഭക്ഷണം ലഭിക്കുന്ന 12 ഭക്ഷണ സ്റ്റാളുകളും ഇരുനൂറോളം പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഫുഡ് കോർട്ടും നഗര മദ്ധ്യത്തിലെ പ്രത്യേകതയാണ്. 20 പേർക്ക് മുതൽ 500 ഓളം പേർക്കിരിക്കാവുന്ന മീറ്റിംഗ് ഹാളുകൾ, വെൽനെസ് സെന്റർ, ബിസിനസ് സെന്റർ, എ.സി. റെസ്റ്റോറന്റ്, കാർപാർക്കിംഗ് സൗകര്യം എന്നിവയോടെ തൃശൂർ റൗണ്ടിന് അഭിമുഖമായുള്ള ഏക റസ്റ്റ് ഹൗസാണ് ബിനി ഹെറിറ്റേജ്.

മുൻമന്ത്രി വി.എസ്. സുനിൽകുമാർ, മുൻ ഡി.സി.സി. പ്രസിഡണ്ട് ജോസ് വള്ളൂർ, കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് രാജൻ. ജെ. പല്ലൻ, ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡണ്ട് സജീവ് മഞ്ഞില, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ല പ്രസിഡണ്ട് അബ്ദുൾ ഹമീദ്, കെ.എച്ച്.ആർ.എ. സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് ബിജു ലാൽ, കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.കെ. ഷാജൻ, ജയപ്രകാശ് പൂവത്തിങ്കൽ, സാറമ്മ റോബ്സൻ, ശ്യാമള മുരളീധരൻ, കരോളിൻ ജെറിഷ് പെരിഞ്ഞേരി, കൊച്ചിൻ ദേവസ്വം ബോർഡ് ചെയർമാൻ ഡോ. സുദർശൻ, പാറമേക്കാവ് ദേവസ്വം സെക്രട്ടറി ജി. രാജേഷ്, വടക്കുംനാഥൻ ദേവസ്വം സെക്രട്ടറി ടി.ആർ. ഹരിഹരൻ, തിരുവമ്പാടി ദേവസ്വം സെക്രട്ടറി ഗിരിഷ് കുമാർ, രാഷ്ട്രദീപിക റെസിഡെന്റ് മാനേജർ ഫാ. ജിയോ തെക്കിനിയത്ത്, ഖാദർ മുസ്ലിയാർ, അഡ്വ. എൻ.സന്തോഷ്, ജെ ഹോട്ടൽസ് ഹോസ്പിറ്റാലിറ്റി സർവീസസ് ഉടമ ജോസ് സെബാസ്റ്റ്യൻ എന്നിവർ ആശംസ അർപ്പിക്കും.



വാർത്താസമ്മേളനത്തിൽ അഡ്വ. സജു ഡേവിഡ് (ചെയർമാൻ),ജനീഷ് ഓസ്കാർ (മാനേജിംഗ് ഡയറക്ടർ), റോജി ജോയ് (ഡയറക്ടർ), ബിനോജ് തോമസ് (ഡയറക്ടർ), വിജയകുമാർ (ഡയറക്ടർ) എന്നിവർ ഉദ്ഘാടന പരിപാടികൾ വിശദീകരിച്ചു.

ഡി എൽ എസ് എ യുടെ ഇടപെടലിൽ ശ്രീജയ്ക്ക് അംഗൻവാടി വർക്കർ ആയി സ്ഥിര നിയമനം

ചാലക്കുടി: അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെപിള്ളപ്പാറ ആദിവാസി സെറ്റിൽമെന്റിൽ അംഗൻവാടി നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം വിട്ടു നൽകിയ മലയൻ വീട്ടിൽ ശ്രീധരൻ എന്നിവരുടെ വനിതകളായ ആശ്രിതർക്ക് അംഗൻവാടിയിൽ സ്ഥിരം വർക്കറായി നിയമനം നൽകാൻ ഉത്തരവ് ഉണ്ടെന്നിരിക്കെ ആയത് പല കാരണങ്ങളാൽ ലഭിക്കാതെ കാലതാമസം ഉണ്ടായിട്ടുള്ളതാണ്. ഡി എൽ എസ് എ സെക്രട്ടറിയും സബ്ജഡ്ജിയുമായ സരിത രവീന്ദ്രൻ പിള്ള പ്പാറ ട്രൈബൽ സെറ്റിൽമെന്റിൽ സന്ദർശനം നടത്തിയ വേളയിൽ ഈ വിവരം ഊരുമൂപ്പൻ സബ് ജഡ്ജിയെ നേരിട്ട് ബോധിപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രീലിറ്റി ഗേഷനായി പരാതി സ്വീകരിച്ച് ജില്ലാ വനിത ശിശു വികസന വകുപ്പിനെ വിളിച്ചുവരുത്തി നടത്തിയ ചർച്ചയിൽ ചാലക്കുടി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ നിയമന നടപടികളിൽ ദ്രുധ ഗതിയിൽ ഇടപെട്ട് ആശ്രിത നിയമന ചട്ടങ്ങൾ അനുസരിച്ച് പ്രോജക്ട് പരിധിയിലെ പത്താമത്തെ ഒഴിവ് റിപ്പോർട്ട് ചെയ്ത കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 47-ാം നമ്പർ അംഗൻവാടിയിൽ ശ്രീമലയൻ രാജൻ മകൾ ശ്രീജ എം എസ് എന്നിവരെ വർക്കറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവായിട്ടുള്ളതാണ്. 2024 ഓഗസ്റ്റ് മാസം ഒന്നാം തീയതി ശ്രീജ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ദേശീയ അദ്ധ്യാപക ദിനത്തിൽ ഗുരുനാഥയെ ആദരിച്ചു

കുന്നംകുളം: ദേശീയ അദ്ധ്യാപക ദിനത്തിൽ പഴുന്നാന വസതിയിൽ ലളിതമായ ചടങ്ങിൽ വെച്ച് ദേശീയ അദ്ധ്യാപക അവാർഡ് ജേതാവും,ഗുരുനാഥയുമായ എം.പത്മിനി ടീച്ചറെ'വിശ്രമ ജീവിതം വായനയോട് കൂട്ട് കൂടാം' എന്ന സന്ദേശവുമായി സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം പുസ്തകങ്ങളും പൊന്നാടയും നൽകി ആദരിച്ചു.

പ്രമുഖ സിനിമാ സംവിധായകൻ പ്രകാശ് കുഞ്ഞൻ,ദിനപത്രം ചീഫ് എഡിറ്റർ ശിഹാബ് അലി അമ്മോകാസ്, എം.സുധീഷ് എന്നിവർ സന്നിഹിതരായിരുന്നു.

തിരുവോണത്തിന് മൃഗശാല തുറന്ന് പ്രവർത്തിക്കും

തൃശൂർ: മൃഗശാല വകുപ്പിന് കീഴിലുള്ള മൃഗശാലയിൽ പ്രവേശനം അനുവദിക്കും. മൂന്നാം ഓണമായ 16 ന് മ്യൂസിയവും മൃഗശാലയും തുറന്ന് പ്രവർത്തിക്കും.സെപ്റ്റംബർ 18 ന് മൃഗശാല അവധിയായിരിക്കുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

തൃശൂരിലെ മതേതര സമൂഹത്തെ വഞ്ചിച്ച മുഖ്യമന്ത്രി രാജിവെക്കണം: വെൽഫെയർ പാർട്ടി

തൃശൂർ: ആർഎസ്എസുമായി ഡീൽ ഉണ്ടാക്കി വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കാൻ സ്വന്തം മുന്നണിയിലെ സ്ഥാനാർത്ഥിയുടെ പരാജയത്തിന് ചുക്കാൻ പിടിക്കുകയും അതു വഴി തൃശൂരിലെ മതേതര സമൂഹത്തെ പച്ചയായി വഞ്ചിക്കുകയും ചെയ്ത മുഖ്യമന്ത്രി പിണറായി വിജയന് മതേതര കേരളത്തിന്റെ മുഖ്യമന്ത്രിയായി തുടരാൻ അർഹതയില്ലെന്നും ജനം ആട്ടിയിറക്കും മുമ്പ് രാജിവെച്ച് പുറത്തു പോകുന്നതാണ് നല്ലതെന്നും വെൽഫെയർ പാർട്ടി തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് എം.കെ. അസ്ലം പറഞ്ഞു. പോലീസിനെ ഉപയോഗിച്ച് തൃശ്ശൂരിലെ പൂരം കലക്കിയും മറ്റും നടത്തിയിട്ടുള്ള ഇടപെടലുകൾ ബിജെപി വിജയത്തിന് വഴിയൊരുക്കുന്ന നടപടികളാണ്. സ്വന്തം കേസുകൾ ഡീൽ ചെയ്യാൻ വേണ്ടിയാണോ അതോ മകൾക്കെതിരെയുള്ള കേസുകളും കരുവന്നൂരിലെ കേസുകളും ഒതുക്കാൻ വേണ്ടിയാണോ ഈ ഡീൽ നടത്തിയതെന്ന് വെളിപ്പെടുത്തേണ്ടത് മുഖ്യമന്ത്രിയാണ്. ഭരണപക്ഷ എംഎൽഎ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് സത്യമാണെങ്കിൽ എ.ഡി.ജി.പി ക്കെതിരെ കടുത്ത നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി സന്നദ്ധനാവുകയാണ് വേണ്ടത്. കേരളത്തിന്റെ പോലീസ് ആർഎസ്എസിന്റെ ഏജന്റായി പ്രവർത്തിക്കുന്നു എന്ന ആരോപണം പിണറായി വിജയന്റെ ആദ്യ ഭരണം മുതൽ തന്നെ വെൽഫെയർ പാർട്ടി കേരളത്തിൽ ഉന്നയിക്കുന്നതാണ്. അതിനെ ശരിവെക്കുന്നതാണ് ഭരണപക്ഷ എംഎൽഎ പി വി അൻവർ നടത്തിയ വെളിപ്പെടുത്തലുകൾ എന്നും കുറ്റവാളിയായ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെച്ചൊഴിയും വരെയും ശക്തമായ പ്രതിഷേധങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു. ആർ എസ് എസ് - കേരള പോലീസ് - മുഖ്യമന്ത്രിയുടെ ഓഫീസ് അവിശുദ്ധ കൂട്ടുകെട്ട്, കേരളത്തെ ഒറ്റുകൊടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കുക, ഭരണപക്ഷ എം എൽ എ യുടെ വെളിപ്പെടുത്തലിൽ ജുഡീഷ്യൽ അന്വേഷണം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പാർട്ടി തൃശ്ശൂർ നഗരത്തിൽ നടത്തിയ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബിനി ടൂറിസ്റ്റ് ഹോമിന്റെ പരിസരത്തു നിന്നും ആരംഭിച്ച പ്രകടനം കോർപ്പറേഷൻ ഓഫീസിനു മുമ്പിൽ സമാപിച്ചു. പ്രതിഷേധക്കാർ മുഖ്യമന്ത്രി പിണറായി വിജയന്റെ കോലം കത്തിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. കെ.എസ്. നിസാർ, ജില്ലാ വൈസ് പ്രസിഡണ്ട് ഉമൈറ കെ.എസ്, ട്രഷറർ ആരിഫ് മുഹമ്മദ്, സെക്രട്ടറി സരസ്വതി വലപ്പാട്, ജില്ലാ കമ്മിറ്റി അംഗം ഉസ്മാൻ മുല്ലക്കര മണ്ഡലം നേതാക്കളായ റഫീഖ് പി എച്ച്, റിഷാദ് എം എച്ച്, ഷാഹിം കെ ബി, ഹൈറുന്നിസ, സുഹൈബ് അലി എന്നിവർ പ്രതിഷേധത്തിന് നേതൃത്വം നൽകി.

അധ്യാപകരെ വസതികളിൽ പോയി ആദരിച്ചു

തൃപ്രയാർ : ലയൺസ് ക്ലബ്ബ് ഓഫ് തൃപ്രയാർ ടെമ്പിൾ സിറ്റി സർവീസിൽ നിന്നും വിരമിച്ച അധ്യാപകരെ അവരുടെ വസതികളിൽ പോയി ആദരിച്ചു. എ.ൻ.സി. ജോർജ് മാസ്റ്റർ, വേണുഗോപാലൻ മാസ്റ്റർ, കെ.ജയവല്ലിടീച്ചർ വേളയിൽ, സൈനമ്പ ടീച്ചർ എന്നിവരെയാണ് അധ്യാപകദിനത്തോടനുബന്ധിച്ച് പൊന്നാട ചാർത്തിയും പൂചെണ്ടു സമ്മാനിച്ചും ആദരിച്ചത്. പ്രസിഡന്റ് ലയൺ ആർ.ഐ.എം. സക്കറിയ PMJf അധ്യക്ഷത വഹിച്ച യോഗം സോൺ ചെയർപേഴ്സൺ ലയൺ വി.എസ്.വ്യാസ ബാബു PMJf ഉൽഘാടനം ചെയ്തു.

സെക്രട്ടറി ലയൺ ഷാജി ചാലിശ്ശേരി, ട്രഷർ ജേസ് താടിക്കാരൻ, വൈ. പ്രസിഡന്റുമാരായ ഹുസൈർ മുഹമ്മദ്, എ എൻ. ജി. ജെയ്ക്കോ, ഇ.പി.തോമസ്, സർവീസ് ചെയർപേഴ്സൺ സീമ സക്കറിയ മെമ്പർഷിപ്പ് ചെയർപേഴ്സൺ സജിത്ത് വേളയിൽ എന്നിവർ പങ്കെടുത്തു

മാഫിയ സംരക്ഷകൻ മുഖ്യമന്ത്രി രാജി വെക്കുക

ഇരിങ്ങാലക്കുട : മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ ധർണ്ണ നടത്തി. മുഖ്യ മന്ത്രിയുടെ ഓഫീസ് അധോലോക പ്രവർത്തനങ്ങളുടെ സിരാ കേന്ദ്രമാണെന്നും

ഓഫീസിലെ ക്രിമിനലുകളെ പുറത്താക്കണമെന്നും ആവശ്യപ്പെട്ടു. മുൻ കെ.പി.സി.സി ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു . കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൽ ഹഖ് അധ്യക്ഷത വഹിച്ചു. ഡി. സി. സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, മുൻ സിപ്പൽ ചെയർപേഴ്സൺ സുജ സജ്ജീവ്കുമാർ, സനൽ കല്ലുക്കാരൻ, ടി.വി. ചാർളി, സിജു യോഹന്നാൻ, എ.സി. സുരേഷ്, ജോമോൻ മണ്ണാത്ത് എന്നിവർ പ്രസംഗിച്ചു.

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിലെ രണ്ടു പ്രൊജക്ടുകൾ പ്രധാനമന്ത്രിയുടെ മുന്നിലേക്ക്

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളജിൽ നടക്കുന്ന വാമന വൃക്ഷ പഠനവും (ബോൺസായ് വ വൃക്ഷ പഠനം) ഗണിത ശാസ്ത്രജ്ഞൻ സംഗ്രമഗ്രാമമാധവനെ ക്കുറിച്ചുള്ള പഠനവും പ്രധാനമന്ത്രിയുടെ മുന്നിലേക്കെത്തിക്കാൻ ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള. ബോട്ടണി വിഭാഗം അധ്യാപിക ഡോ. ബിനു ടി വി, മലയാളം വിഭാഗം അധ്യാപിക പ്രൊഫ. ലിറ്റി ചാക്കോ എന്നിവരുടെ പ്രൊജക്ടുകളിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള രണ്ടു പഠന സെന്ററുകൾക്കു തുടക്കമിടാനാവുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. വാമന വൃക്ഷ പഠനത്തിന് നേതൃത്വം നൽകുന്ന ഡോ. ബിനു ടി.വിക്ക് ഒരു ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചാണ് അദ്ദേഹം മടങ്ങിയത്. സെന്റ് ജോസഫ്സ് കോളജിൽ ഒന്നര മണിക്കൂറോളം സമയം അദ്ദേഹം ചെലവഴിച്ചു

ജില്ലാ സബ്ബ് ജൂനിയർ ഖോ-ഖോ ചാമ്പ്യൻഷിപ്പ്

തൃശൂർ: ജില്ലാ സബ്ബ് ജൂനിയർ ഖോ-ഖോ ചാമ്പ്യൻഷിപ്പ് സെപ്തംബർ 13 വെള്ളിയാഴ്ച്ച കാലത്ത് 8 മണി മുതൽ തൃശൂർ അക്വാറ്റിക്ക് ഖോ-ഖോ ഗ്രൗണ്ടിൽ നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ സെപ്തംബർ 10-ാംതിയ്യതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. Date of Birth on or after 02.10.2010.സംസ്ഥാന സബ് ജൂനിയർ ഗവീ ഗവീ ചാമ്പ്യൻഷിപ്പ് (Boys & Girls) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ തായ്നേരി എസ് എ ബി ടി എം ഹയർസെക്കൻഡറി സ്കൂളിൽ വച്ച് 2024 സെപ്റ്റംബർ 19, 20 തീയതികളിൽ നടക്കും.

കൂടുതൽ വിവരങ്ങൾക്കായി 9447893846, 8075838309 എന്നി നമ്പറുകളിൽ ബന്ധപ്പെടുക.

അദ്ധ്യാപക ദിനത്തിൽ അദ്ധ്യാപക ദമ്പതികളെ ആദരിച്ചു

തൃശ്ശൂർ: ജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപക ദിനത്തിൽ അദ്ധ്യാപക ദമ്പതികളും പാർട്ടിയുടെ ജില്ലാ വൈസ് പ്രസിഡന്റും സംസ്ഥാന കൗൺസിൽ അംഗവുമായ പ്രകാശൻ മാസ്റ്ററേയും അദ്ദേഹത്തിന്റെ സഹധർമിണി ജയലത ടീച്ചറെയും അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് പൊന്നാട അണിയിച്ച് ആദരിച്ചു. ആദര ചടങ്ങിൽ ജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫി, സംസ്ഥാന കമ്മറ്റി അംഗം ജോൺ വാഴപ്പിള്ളി,ജനറൽ സെക്രട്ടറി പ്രീജു ആന്റണി, ജില്ലാ ട്രഷറർ ജോസഫ് ആളൂക്കാരൻ, യുവജനതാദൾ (എസ്) സംസ്ഥാന കമ്മറ്റി അംഗം പി. എം ഉമേഷ് എന്നിവർ പങ്കെടുത്തു.

സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് നാളെ

ഇരിങ്ങാലക്കുട : പി.എൽ തോമൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് , ലയൺസ് ക്ലബ് കൊമ്പൊടിഞ്ഞാമാക്കൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ (ആർ.സി.സി)യുടെ നേതൃത്വത്തിൽ സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് 7ന് രാവിലെ 10മണി മുതൽ ഉച്ചക്ക് 1 മണി വരെ കൊമ്പൊടിഞ്ഞാമാക്കൽ പി.എൽ തോമൻ മെമ്മോറിയൽ ക്ലിനിക്കിൽ സംഘടിപ്പിക്കും. പി.ടി ഡേവീസ്, പി.ടി തോമസ് എന്നിവർ ചേർന്ന് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. മെഡിക്കൽ ക്യാമ്പ് ഡിസ്ട്രിക്ട് കോഡിനേറ്റർ ജോൺസൺ കോലങ്കണ്ണി അധ്യക്ഷത വഹിക്കും. ലയൺസ് ക്ലബ് പ്രസിഡന്റ് എം.ആർ അശോകൻ, സെക്രട്ടറി അഡ്വ. എം.എസ് രാജേഷ് ട്രഷറർ മണിലാൽ എന്നിവർ സംസാരിക്കും. രജിസ്ട്രേഷന് 9846269233, 9446540890 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. 60 സ്ത്രീകൾക്കും 15 പുരുഷന്മാർക്കും ആണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുക.

കാർഡി സെൽ തെറാപ്പി അമല കാൻസർ ആശുപത്രിയിൽ ആരംഭിച്ചു

അമലനഗർ: ഗുരുതരമായ രക്താർബുദചികിത്സയ്ക്കായുള്ള അതിനൂതന ചികിത്സാരീതിയായ കാർടി സെൽ തെറാപ്പി അമല കാൻസർ ആശുപത്രിയിൽ ആരംഭിച്ചു. ഈ ചികിത്സാരീതി ഇന്ത്യയിൽ വളരെ ചുരുക്കം ആശുപത്രികളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേരളത്തിൽ ഈ ചികിത്സ പൂർത്തീകരിച്ച രണ്ടാമത്തെ ആശുപത്രിയാണ് അമല. വിദേശരാജ്യങ്ങളിൽ ചെയ്യുന്നതിനേക്കാൾ പത്തിൽ ഒന്ന് ചിലവിൽ ചെയ്യാൻ സാധിച്ചു എന്നതിനേക്കാൾ ഉപരി, ഇന്ത്യയിൽ മറ്റ് ആശുപത്രികളിൽ ചെയ്തതിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ അത് അമലയിൽ ചെയ്യാൻ സാധിച്ചിട്ടുണ്ട് എന്നതാണ് പ്രധാനം. ഗുരുതരമായ രക്താർബുദം ബാധിച്ചിട്ടുള്ള രോഗികൾക്ക്, അമലയിൽ ആരംഭിച്ച ഈ ചികിത്സ ഒരു വലിയ സഹായമായിരിക്കും. അമലയിൽ മജ്ജ മാറ്റിവെയ്ക്കൽ (Bone Marrow Transplantation) ചികിത്സ ആരംഭിച്ചിട്ട് രണ്ടരവർഷത്തിൽ കൂടുതലായി. നാൽപതോളം രോഗികൾക്ക് പരമാവധി ചിലവ് കുറഞ്ഞ രീതിയിൽ ഇത് വരെ ആങ്ദം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

അർബുദചികിത്സക്കുള്ള നൂതനമായ മാർഗ്ഗമാണ് സെൽ തെറാപ്പി. ഇതിന്റെ ഒരു വിഭാഗമായ Tumor Infiltrating Lymphocyte Therapy (TILS) ഇന്ത്യയിൽ തന്നെ ആദ്യം തുടങ്ങിയത് അമലയിലാണ്. സെൽ തെറാപ്പിയിലെ മറ്റൊരു ഉപവിഭാഗമായ കാർടി സെൽ തെറാപ്പി ചെയ്ത രണ്ടാമത്തെ സെൻററുമായി അമല മാറി. ഇന്ന് ലോകത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ രണ്ട് ചികിത്സാമാർഗ്ഗങ്ങളും ചെയ്തിട്ടുള്ള ഇന്ത്യയിലെ ആദ്യ സെൻററാണ് അമല.

പത്രസമ്മേളനത്തിൽ ഫാ. ഡെൽജോ പുത്തൂർ ജോയന്റ് ഡയറക്ടർ അമല ഡോ.അനിൽ ജോസ് താഴത്ത് എച്ച്ഒ.ഡി., മെഡിക്കൽ ഓങ്കോളജി, ഡോ.പി. ഉണ്ണികൃഷ്ണൻ മെഡിക്കൽ ഓങ്കോളജിസ്റ്റ്, ഡോ.സുനു സിറിയക് ഇൻ ചാർജ്ജ്, സെൽ തെറാപ്പി ജോസഫ് വർഗ്ഗീസ് പി.ആർ. ഒ., രാകേഷ് ജി. നായർ കോഓർഡിനേറ്റർ തുടങ്ങിയവർ പങ്കെടുത്തു.

നിര്യാതയായി

കല്യാണി

എടതിരിഞ്ഞി: അണക്കത്തി പറമ്പിൽ പരേതനായ നാരായണന്റെ ഭാര്യ കല്യാണി (89) നിര്യാതയായി സംസ്കാരം നടത്തി. മക്കൾ: സിന്ധു, ബിന്ദു, പരേതനായ അശോകൻ

എട്ടുവയസ്സുകാരിക്കെതിരെ ലൈംഗികാതിക്രമം; പ്രതിക്ക് 43 വർഷം കഠിന തടവ്

ഇരിങ്ങാലക്കുട : എട്ട് വയസ്സുകാരിക്കെതിരെ ലൈംഗികാതിക്രമങ്ങൾ നടത്തിയ കേസിൽ പ്രതിക്ക് 43 വർഷം കഠിനതടവും 1,25,000 രൂപ പിഴയും വിധിച്ച് കൊണ്ട് ഇരിങ്ങാലക്കുട അതിവേഗ സ്പെഷ്യൽ കോടതി ജഡ്ജ് വിവീജ സേതുമോഹൻ വിധിച്ചു. 2018 ജൂൺ മുതൽ മാർച്ച് 2019 വരെയുള്ള കാലയളവിൽ നടത്തിയ ലൈംഗികാതിക്രമങ്ങളുടെ പേരിൽ ചാലക്കുടി പോലീസ് ചാർജ്ജ് ചെയ്ത കേസിൽ ചാലക്കുടി സ്വദേശി സന്തോഷിനെതിരെയാണ് വിധി.

പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ വിജു വാഴക്കാല ഹാജരായി. പിഴ സംഖ്യ അതിജീവിതയ്ക്ക് നൽകാനും നിർദ്ദേശമുണ്ട്.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 500/2023

എടക്കഴിയൂർ അംശം, പുന്നയൂർ വില്ലേജ്, മന്ദലാംകുന്ന് ദേശത്ത്, മന്ദലാംകുന്ന് പി ഒ., പിൻ-680518, കിഴക്കൂട്ട് റഫീക്ക് ഭാര്യ ഷഹർബാൻ കെ എച്ച് മകളും ഒന്നാം എതൃകക്ഷി ഭാര്യയുമായ നസ്റിൻ

2) 1-ാം ഹരജിക്കാരിയുടെയും എതൃകക്ഷിയുടെയും മകൻ മൈനർ ഷെസിൻ വിൽദാൻ

-ഹരജിക്കാർ

എടക്കഴിയൂർ വില്ലേജ്, എടക്കഴിയൂർ ദേശത്ത്, എടക്കഴിയൂർ പി ഒ., പിൻ-680515, കല്ലുവളപ്പിൽ വീട്ടിൽ സുലൈമാൻ മകൻ ഉസ്മാൻ കെ എസ്

- 1-ാം എതൃകക്ഷി

മേൽ നമ്പർ കേസിലെ 1-ാ എതൃകക്ഷി പേരിൽ സമൻസ് പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവായി കേസ് **27-09-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 3-9-2024

ഹരജിഭാഗം അഡ്വക്കേറ്റ്

എം എ ബിജു (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം ഫാമിലി കോടതി മുമ്പാകെ

OP: 200/2024

ഡോ. സായിദ് റഹ്മാൻ, കുറുങ്ങാടൻ ഹൗസ്, S/o. അബ്ദുറഹ്മാൻ ഹാജി, മോങ്ങം പി ഒ., കൊണ്ടോട്ടി, മലപ്പുറ ജില്ല

-ഹരജിക്കാരൻ

ഡോ. ഷുറാഫ ഷംസുദ്ദീൻ, പുതുവീട്ടിൽ ഹൗസ്, 29 വയസ് D/o. ഷംസുദ്ധീൻ, പാവറട്ടി പി ഒ., പുതുമനശ്ശേരി,